(ബി) എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) ആറ് കോഴ്സുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ബി) 1. പ്രൊഡക്ഷൻ എൻജിനീയറിംഗ് ആൻറ് മാനേജ്മെൻറ് (ബി. ടെക്. കോഴ്സ്)

2. ആർക്കിടെക്ചറൽ എൻജിനീയറിംഗ് (ബി. ടെക്. കോഴ്സ്)

3. കംപ്യൂട്ടർ എൻജിനീയറിംഗ് (ബി. ടെക്. കോഴ്സ്)

4. ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് (എം. ടെക്. കോഴ്സ്)

5. ട്രാഫിക് ആൻറ് ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് (എം. ടെക്. കോഴ്സ്)

6. എനർജറിക്സ് (എം. ടെക്. കോഴ്സ്)

1984-85-ൽ അനുവദിച്ച ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ

71 [150] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ 1984-85-ൽ അനുവദിച്ചത് എവിടെയെല്ലാമാണ്; അതിൽ ഏതെല്ലാം പ്രവർത്തനം തുടങ്ങി;

(ബി) ശ്രീകൃഷ്ണപുരം മണ്ഡലത്തിൽ ചെർപ്പുളശ്ശേരിയിൽ സർക്കാർ വക സ്ഥലവും സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും സാങ്കേതിക വകുപ്പിന്റെ പരിശോധനയിൽ അനുകൂലമായ അഭിപ്രായം പ്രകടിപ്പിച്ചിരുന്നിട്ടും അവിടെ ജെ. ടി. എസ്. അനുവദിക്കാത്തതിന്റെ കാരണമെന്താണ്;

(സി) 1985-86-ൽ ഇവിടെ ഒരു ജെ. ടി. എസ്. തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-85-ൽ താഴെ പറയുന്ന സ്ഥലങ്ങളിലാണ് ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ അനുവദിച്ചത്. കടപ്പാമറ്റം (മീനച്ചിൽ താലൂക്ക്), ഹരിപ്പാട് (കാർത്തികപ്പള്ളി താലൂക്ക്), കറുച്ചി (ചങ്ങനാശ്ശേരി), കാവാലം (കുട്ടനാട്), വാരപ്പെട്ടി (കോതമംഗലം), ആയവന, (മൂവാറ്റുപുഴ), നന്മമുക്ക് (പൊന്നാനി), തിരൂരങ്ങാടി (തിരൂർ), മുളന്തുരുത്തി (കണയന്നൂർ), കാഞ്ഞിരപ്പള്ളി (കാഞ്ഞിരപ്പള്ളി). എല്ലാ സ്കൂളുകളും 1985-86 വർഷം മുതൽ പ്രവർത്തനം തുടങ്ങി.

(ബി) 1984-85-ൽ പുതിയ സ്കൂളുകൾ അനുവദിച്ചപ്പോൾ ചെർപ്പുളശ്ശേരിയിൽ ഒരു സ്കൂൾ അനുവദിക്കുവാൻ സാധിച്ചില്ല.

(സി) പുതിയ സ്കൂളുകൾ ഇനിമേലിൽ തുടങ്ങുമ്പോൾ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly